ഫാറം – VII

[ചട്ടം 23(1) കാണുക]

ഗുരുവായൂർ നഗരസഭ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-*ാം* വകുപ്പിന്റെ 10-*ാം* ഉപവകുപ്പ് പ്രകാരം സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച നോട്ടീസ്

താഴെപ്പറയുന്ന അതിരുകളോടു കൂടിയ തദ്ദേശ ആസൂത്രണ പ്രദേശത്തിനായി ഗുരുവായൂർ നഗരസഭ പരിഷ്ക്കരണങ്ങളോട് കൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-*ാം* വകുപ്പ് (8)-*ാം* ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം.89/2024/LSGD തിയതി 14-07-2024 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുള്ള വസ്തുത 29-07-2024 തിയതിയിലെ കേരള ഗസറ്റ് നമ്പർ Vol.XIII നമ്പർ 2436 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് - വടക്കേക്കാട് ഗ്രാമപഞ്ചായത്ത് , കുന്നംകുളം മുനിസിപ്പാലിറ്റി

കിഴക്ക്- കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, കുന്നംകുളം മുനിസിപ്പാലിറ്റി

തെക്ക്- എളവള്ളി,പാവറട്ടി ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്- ഒരുമനയൂർ ,പുന്നയൂർ ഗ്രാമപഞ്ചായത്തുകൾ, ചാവക്കാട് മുനിസിപ്പാലിറ്റി

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ:

നിലവിലില്ല

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ:

നിലവിലില്ല

(സി)മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ:

ബാധകമല്ല

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

ബാധകമല്ല

സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ ഗുരുവായൂർ നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ ..............ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനിന്റെ പകർപ്പ് ഗുരുവായൂർ നഗരസഭ കാര്യാലയത്തിൽ പരിശോധനക്ക് /വില്പനക്ക് ലഭ്യമാണ്.

ഈ പ്ലാനിന് അനുസൃതമല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സ്ഥലം: ഗുരുവായൂർ സെക്രട്ടറി ചെയർമാൻ

തീയതി: